മാധ്യമം

23 August 2017

# കർഷക–ശാസ്ത്ര മുഖാമുഖം

**കൊച്ചി**: കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കാനുള്ള പദ്ധതി വിശദീകരണവുമായി ബന്ധപ്പെട്ട് എറണാകുളം കൃഷിവിജ്ഞാന കേന്ദ്രം സംഘടിപ്പിച്ച കർഷക-ശാസ്ത്ര മുഖാമുഖം ശ്രദ്ധേയമായി. സ്വന്തം കൃഷിയും ഭക്ഷ്യോൽപാദനവും' വിഷയത്തിൽ നടന്ന മുഖാമുഖത്തിൽ ജൈവപച്ചക്കറി കൃഷി, മുട്ടയുൽപാദനം, മൃഗസംരക്ഷണം, ഇറച്ചി ഉൽപാദനം, മത്സ്യകൃഷി, മണ്ണ് പരിപാലനം, ജൈവവളങ്ങളുടെയും മൂല്യവർധിത വസ്തുക്കളുടെയും ഉൽപാദനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് കർഷകർ ചോദ്യങ്ങൾ ചോദിച്ചു. സി.എം.എഫ്.ആർ.ഐ, കെ.വി.കെ, കേരള കാർഷിക സർവകലാശാല എന്നിവിടങ്ങളിലെ വിദഗ്ധരായ ഡോ. ബോബി ഇഗ്ഗേഷ്യസ്, ഡോ. പി. മുരളീധരൻ, ഡോ. ഷിനോജ് സുബ്രഹ്മണ്യൻ, ഡോ. എസ്. രവി, ഡോ.പി.എ. വികാസ്, പുഷ്പരാജ് ആൻജലോ, ഷോജി ജോയ് എഡിസൺ, പി. ശ്രീലത എന്നിവർ ചോദ്യങ്ങൾക്ക് മറുപടി നൽകി.



സി.എം.എഫ്.ആർ.ഐയിൽ നടന്ന കാർഷിക വികസന പദ്ധതി വിശദീകരണ പരിപാടിയിൽ പ്രഫ. കെ.വി. തോമസ് എം.പി